
കുറുമാലിയിൽ രണ്ട് കാറുകളും കണ്ടയ്നർ ലോറിയും കൂട്ടിയിടിച്ചു

പുതുക്കാട്: ദേശീയപാത കുറുമാലിയിൽ രണ്ട് കാറുകളും കണ്ടയ്നർ ലോറിയും കൂട്ടിയിടിച്ചു.തൃശൂർ ഭാഗത്തേക്ക് പോയിരുന്ന വാഹനങ്ങളാണ് ഒന്നിനു പുറകെയായി കൂട്ടിയിടിച്ചത്.അപകടത്തിൽ ആർക്കും പരിക്കില്ല. ഇന്നലെ വൈകിട്ട് അഞ്ചരക്കായിരുന്നു അപകടം. ദേശീയപാതയോരത്ത് നിർത്തിയിട്ട റേസിംഗ് കാറുകൾ കാണാൻ വാഹനങ്ങൾ നിർത്തിയിട്ടതോടെയുണ്ടായ ഗതാഗത തടസത്തിനിടെയാണ് അപകടമുണ്ടായത്. മുൻപിൽ പോയ ബൈക്ക് യാത്രക്കാർ പെട്ടെന്ന് നിർത്തിയതോടെ ബൈക്കിൽ ഇടിക്കാതിരിക്കാൻ നിർത്തിയ കാറിൽ പുറകിൽ വന്ന കാർ ഇടിക്കുകയായിരുന്നു.തൊട്ടുപുറകിൽ വന്നിരുന്ന കണ്ടെയ്നർ ലോറി രണ്ട് കാറുകളിലും ഇടിച്ചു.അപകടത്തിൽ കാറുകൾക്ക് കേടുപാടുകൾ സംഭവിച്ചു.





● ദേശീയപാത പോട്ട പനമ്പിള്ളി ജങ്ഷനിൽ അഗ്നിക്കിരയായ കാർ.

ദേശീയപാത പോട്ട പനമ്പിള്ളി ജങ്ഷനിൽ കാറിന് തീപിടിച്ചു: യാത്രക്കാർ അത്ഭുതകരമായി രക്ഷപ്പെട്ടു

ചാലക്കുടി: നെടുമ്പാശേരി എയർപോർട്ടിലേക്ക് പോവുകയായിരുന്ന കുടുംബം സഞ്ചരിച്ച കാറിന് തീപിടിച്ചു. പോട്ട പനമ്പിള്ളി ജങ്ഷനിൽ ഞായർ ഉച്ചയ്ക്ക് 12.40 ഓടെയായിരുന്നു സംഭവം. യാത്രക്കാർ അത്ഭുതകരമായി രക്ഷപ്പെട്ടു. ദേശീയപാതയിൽ പോട്ട പനമ്പിള്ളി ജങ്ഷനിൽ ചാലക്കുടി ഭാഗത്തേക്കുള്ള പാതയിലായിരുന്നു സംഭവം. നെടുമ്പാശേരി എയർപോർട്ടിലേക്ക് പോവുകയായിരുന്ന തൃശൂർ പഴയന്നൂർ കൊണ്ടോട്ടി സൗത്ത് സ്വദേശിയായ ശ്രീരാഗം വീട്ടിൽ വിനോദും കുടുംബവും സഞ്ചരിച്ച കാറാണ് തീടിച്ചത്.

ഇവിടെ അപ്രതീക്ഷിതമായി യു ടേണെടുത്ത് ദേശീയപാതയിലേക്ക് പ്രവേശിച്ച കാറിന് പുറകിൽ പിന്നാലെ വരികയായിരുന്ന മൂന്ന് കാറുകളും ഇടിച്ചു. അപകടത്തെ തുടർന്ന് കാറിനകത്തുണ്ടായിരുന്നവർ പുറത്തിറങ്ങിയ സമയത്താണ് വിനോദും കുടുംബവും സഞ്ചരിച്ച മഹീന്ദ്ര എക്സ് യു വി കാർ തീപിടിച്ചത്. കാറിന്റെ ഭൂരിഭാഗവും കത്തി നശിച്ചു. വിവരമറിഞ്ഞ് ചാലക്കുടിയിൽ നിന്നും ഫയർഫോഴ്സെത്തിയാണ് തീയണച്ചത്. വിനോദും കുടുംബവും മറ്റൊരു വാഹനത്തിൽ എയർപോർട്ടിലേക്ക് യാത്ര തിരിക്കുകയും ചെയ്തു. അപകടത്തെ തുടർന്ന് ദേശീയപാത എറണാകുളത്തേക്കുള്ള പാതയിൽ അര മണിക്കൂറോളം ഗതാഗതം തടസ്സപ്പെട്ടു.

ഇടുപ്പ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരമായി പൂർത്തീകരിച്ചു

ചാലക്കുടി: താലൂക്ക് ആശുപത്രിയിൽ ഇടുപ്പ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരമായി പൂർത്തീകരിച്ച് ഡോ. സുജിത്ത് സുരേന്ദ്രൻ. ഡോ. സുജിത്ത് സുരേന്ദ്രന്റെ നേതൃത്വത്തിലുള്ള സംഘമാണ് നാലര മണിക്കൂറുകളോളം നീണ്ട ശസ്ത്രക്രിയ നടത്തിയത്. വെറ്റിലപ്പാറ 14ൽ വയക്കേടത്ത് കളരിക്കൽ ഭാസ്കരന്റെ ഭാര്യ സരള (64)ക്കായിരുന്നു ശസ്ത്രക്രിയ. ഇടുപ്പ് വേദനയെ തുടർന്ന് തൊഴിലുറപ്പ് തൊഴിലാളിയായ സരളക്ക് ജോലിക്ക് പോകാനോ നടക്കാനോ ആയിരുന്നില്ല.

പല ആശുപത്രികളിലും ചികിത്സ നടത്തിയെങ്കിലും ഫലമുണ്ടായില്ല. സ്വകാര്യ ആശുപത്രികളിൽ ശസ്ത്രക്രിയക്ക് ലക്ഷങ്ങളാണ് ആവശ്യപ്പെട്ടത്.

സാമ്പത്തിക ബുദ്ധിമുട്ട് മൂലം ശസ്ത്രക്രിയ നടത്താനുമായില്ല. ഈ സാഹചര്യത്തിലാണ് താലൂക്ക് ആശുപത്രിയിലെത്തിയത്. തുടർന്നാണ് ശസ്ത്രക്രിയ നടത്തിയത്. 23ന് ശസ്ത്രക്രിയ നടത്തിയ സരള നടന്നു തുടങ്ങി. അടുത്താഴ്ച ആശുപത്രി വിട്ടു പോകാനാകും.



● താലൂക്ക് അശുപത്രിയിൽ ഇടുപ്പ് ശസ്ത്രക്രിയ നടത്തിയ സരള.



● വാടാനപ്പള്ളിയിൽ സി.എച്ച്. മുഹമ്മദ് കോയ അനുസ്മരണം ഹാരിസ് ബീരാൻ എം.പി. ഉദ്ഘാടനം ചെയ്യുന്നു.

സി.എച്ച്. മുഹമ്മദ് കോയ അനുസ്മരണം

വാടാനപ്പള്ളി: സി.എച്ച്. സ്മാരക ഓർഫനേജിന്റെ ആഭിമുഖ്യത്തിൽ സി.എച്ച്. മുഹമ്മദ് കോയ അനുസ്മരണം നടത്തി. ഹാരിന് ബീരാൻ എം.പി. ഉദ്ഘാടനം ചെയ്തു.നാല് പതിറ്റാണ്ടിലേറെയായി വായിച്ചു തീരാത്ത മഹദ്ഗ്രന്ഥമായി സി.എച്ച്. മുഹമ്മദ് കോയ തലമുറകൾക്ക് വെളിച്ചം പകരുകയാണെന്ന് ഹാരിസ് ബീരാൻ പറഞ്ഞു. ഓർഫനേജ് പ്രസിഡന്റ് പി.എം.ഖാലിദ് അധ്യക്ഷത വഹിച്ചു. ടി.എൻ. പ്രതാപൻ, എം.എ.മുസ്തഫ, കെ.എ. ഹാറൂൺ റഷീദ്, എ.എ. അബ്ദുൾ ജബ്ബാർ പ്രസംഗിച്ചു.

കരുവന്നൂർ ബാങ്ക് വാർഷിക പൊതുയോഗം സംഘടിപ്പിച്ചു

ഇരിങ്ങാലക്കുട : സാമ്പത്തിക പ്രതിസന്ധികളെ അതിജീവിച്ച് മികച്ച സഹകരണ സംഘമായി കരുവന്നൂർ ബാങ്കിനെ മാറ്റുന്നതിന് വേണ്ടി വിവിധ പദ്ധതികൾക്കുള്ള നിർദ്ദേശങ്ങളും തീരുമാനങ്ങളും സ്വീകരിച്ചുകൊണ്ട് കരുവന്നൂർ ബാങ്കിന്റെ വാർഷിക പൊതുയോഗം സംഘടിപ്പിച്ചു.

162.94 കോടി രൂപ മുതലും പലിശയും ഉൾപ്പെടെ തിരിച്ചടവില്ലാത്ത വായ്പകളിൽ നിന്ന് തിരിച്ചുപിടിക്കാനും, 178.78 കോടി രൂപ മുതലും പലിശയും ഉൾപ്പെടെ നിക്ഷേപകർക്ക് തിരികെ നൽകാനും നാളിതുവരെയായി സാധിച്ചു. തിരിച്ചടവില്ലാത്ത വായ്പകൾ തിരിച്ചുപിടിക്കുന്നതിനും നിക്ഷേപകർക്ക് അവരുടെ ആവശ്യങ്ങൾക്ക് അനുസരിച്ച് പണം നൽകാനും സഹകാരികൾക്ക് അവരുടെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുവാനും സാധിക്കുന്ന സ്ഥിതിയിലേക്ക് കരുവന്നൂർ ബാങ്കിനെ മാറ്റിതീർക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ് ഭരണസമിതി നേതൃത്വം നൽകുന്നത്. ആറ് വർഷങ്ങൾക്ക് ശേഷമാണ് പൊതുയോഗം നടക്കുന്നത്. 2019 ലാണ് അവസാനം പൊതുയോഗം നടന്നത്. തിരിച്ചടവില്ലാത്ത വായ്പകളിൽ റിക്കവറി പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാനും, സഹകാരികളുടെ വിശ്വാസം ആർജ്ജിച്ചെടുത്ത് മികച്ച സഹകരണ സ്ഥാപനമായി കരുവന്നൂർ ബാങ്കിനെ മാറ്റിയെടുക്കുന്നതിന് എല്ലാ സഹകാരികളും രംഗത്തിറങ്ങണമെന്നും ബാങ്കിംഗ് ഇതര വ്യാപാര പ്രവർത്തനങ്ങളിലും സംഘം ശ്രദ്ധ കേന്ദ്രീകരിക്കണമെന്നും പൊതുയോഗം തീരുമാനിച്ചു. ബാങ്ക് പ്രസിഡണ്ട് ആർ.എൽ ശ്രീലാൽ അധ്യക്ഷത വഹിച്ചു.

ബാങ്ക് അസി.സെക്രട്ടറി ഇ.എസ് ശ്രീകല പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ഭരണസമിതി അംഗങ്ങളായ കെ.ഡി ദാമോദരൻ നമ്പൂതിരി, സി.എം സാനി, ബാങ്ക് ജീവനക്കാരായ പി.എം സതീഷ്, എൻ.ആർ വിജയാനന്ദ്, ഷെർലി വി.കെ, ബീന വി.കെ, രശ്മി ജി. നായർ, പ്രീതി ടി.പി, ശ്രീയേഷ് കെ, പ്രീനി പി.എസ്, ബിന്ദു കെ.പി, ശ്രീദേവി സി.ബി, മിനി കെ.ജി, ഹിത വി.എച്ച്, ബൈജു ഐ.ആർ, നിജി ആർ എന്നിവർ വിവിധ റിപ്പോർട്ടുകൾ അവതരിപ്പിച്ചു. ബാങ്ക് വൈസ് പ്രസിഡണ്ട് പി.കെ വത്സലൻ സ്വാഗതവും ഭരണസമിതി അംഗം പി.സി രഘു നന്ദിയും പറഞ്ഞു.

ജനാധിപത്യ സംരക്ഷണത്തിന് യുവത ജാഗ്രത പുലർത്തണം: മുനവ്വറലി ശിഹാബ് തങ്ങൾ.


കുന്നംകുളം: മുസ്ലിം യൂത്ത് ലീഗ് തൃശൂർ ജില്ലാ സമ്മേളനത്തിന്റെ ഭാഗമായി സംഘടിപ്പിച്ച പൊതുസമ്മേളനം ഇ.പി. ഖമറുദ്ദീൻ സാഹിബ് നഗറിൽ മുസ്ലിം യൂത്ത് ലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്തു. രാജ്യത്തെ ജനാധിപത്യ-ഭരണഘടനാ മൂല്യങ്ങൾ സംരക്ഷിക്കുന്നതിൽ യുവത ജാഗ്രതയോടെ ഇടപെടേണ്ടതുണ്ടെന്ന് മുനവ്വറലി ശിഹാബ് തങ്ങൾ പറഞ്ഞു. മുസ്ലിം യൂത്ത് ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി പി.കെ. ഫിറോസ് മുഖ്യപ്രഭാഷണം നടത്തി. മുസ്ലിം ലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ് സി. എച്ച്. റഷീദ്, സംസ്ഥാന സെക്രട്ടറി പി. എം. സാദിഖലി, കെ.പി.സി.സി ജനറൽ സെക്രട്ടറി പി.ടി. അജയ് മോഹൻ, യൂത്ത് ലീഗ് ദേശീയ ജനറൽ സെക്രട്ടറി അഡ്വ. ഷിബു മീരാൻ, മുസ്ലിം ലീഗ് ജില്ലാ പ്രസിഡന്റ് സി. എ. മുഹമ്മദ് റഷീദ്, ജനറൽ സെക്രട്ടറി പി.എം. അമീർ, പ്രവാസി ലീഗ് സംസ്ഥാന സെക്രട്ടറി ജലീൽ വലിയകത്ത്, യൂത്ത് ലീഗ് ജില്ലാ ജനറൽ സെക്രട്ടറി നൗഷാദ് തെരുവത്ത്, ഭാരവാഹികളായ കെ.കെ. സക്കരിയ, എ.വി അലി, അസീസ് മന്നലാംകുന്ന്, ടി.എ. ഫഹദ്, ഷബീർ പാറമ്മൽ, എ.വി. സജീർ, ലീഗ് ഭാരവാഹികളായ അസീസ് താണിപ്പാടം, ഗഫൂർ കടങ്ങോട്, ഉസ്മാൻ കല്ലാട്ടയിൽ, കെ സി മൊയ്തുട്ടി, ഫസലുദ്ദീൻ ഖമറുദ്ദീൻ, എം എസ് എഫ് സംസ്ഥാന ഭാരവാഹികളായ എസ് എ അൽ റസിൻ, ആരിഫ് പാലയൂർ, യൂത്ത് ലീഗ് നേതാക്കളായ നാസർ കടവല്ലൂർ, ജലീൽ നാലകത്ത്, ജുറൈജ് വാഫി ഷെഫീക്ക് ആസിം എന്നിവർ പ്രസംഗിച്ചു.

തെക്കുംകരയിൽ മദ്യപാനത്തിനിടെ വാക്കുതർക്കം, യുവാവ് കുത്തേറ്റു മരിച്ചു

തൃശൂർ: തെക്കുംകരയിൽ മദ്യപാനത്തിനിടെയുണ്ടായ വാക്കുതർക്കത്തിൽ യുവാവ് കുത്തേറ്റു മരിച്ചു.

പ്രതിയെ മണിക്കൂറുകൾക്കു ള്ളിൽ പിടികൂടി വടക്കാഞ്ചേരി പോലീസ്. ഡോഗ് സ്കാഡിന്റെ പരിശോധനയിലും, നാട്ടുകാരുടെ പരിശ്രമത്തിന്റെയും ഫലമായാണ് മണിക്കൂറുകൾക്കുള്ളിൽ പ്രതിയെ വലയിലാക്കിയത്. സ്വബോധം നഷ്ടപ്പെട്ട നിലയിൽ അക്രമം അഴിച്ചു വിട്ടിരുന്ന പ്രതിയെ ഏറെ സാഹസികമായാണ് പോലീസ് കീഴ്പ്പെടുത്തിയത്.

വടക്കാഞ്ചേരി പോലീസ് സ്റ്റേഷനിലെ റൗഡിപ്പട്ടികയിലുള്ള പ്രതിയാണ് എൽദോസ്. തെക്കുംകര പഴയന്നൂർ പാടത്ത് മദ്യപാനത്തിനിടെയുണ്ടായ തർക്കത്തെത്തുടർന്ന് ഡ്രൈവറായ സോളമൻ (38) നാണ് കുത്തേറ്റു മരിച്ചത്. പ്രതിയായ താണിയംകുട്ടയിൽ എൽദോസിന്റെ വീട്ടിലിരുന്ന് ഇരുവരും മദ്യപിക്കുന്നതിനിടെയാണ് വാക്കു തർക്കവും കൊലപാതകവും ഉണ്ടായതെന്ന് നാട്ടുകാർ പറഞ്ഞു. പോലീസ് സ്റ്റേഷനിലെ റൗഡിപ്പട്ടികയിൽ ഉൾപ്പെട്ട എൽദോസ് മൂർച്ചയേറിയ ആയുധമുപയോഗിച്ച് ആക്രമിച്ച ശേഷം ഒളിവിൽപ്പോയിരുന്നു.





● മരിച്ച സോളമൻ, പ്രതി എൽദോസ്

സംഭവ സ്ഥലത്തുണ്ടായിരുന്ന മറ്റൊരാളെ പോലീസ് കസ്റ്റഡിയിലെടുത്തിട്ടുണ്ട്. ഫോറൻസിക് സംഘം സ്ഥലത്തെത്തി തെളിവുകൾ ശേഖരിച്ചു.

പോലീസ് എസ്എച്ച്ഒ അനൂപിന്റെ നേതൃത്വത്തിൽ എ.എസ്.ഐ സുധീർ , സിപിഒ മാരായ സി ഡിജോ , പ്രജീഷ് എന്നിവർ ഉൾപ്പെട്ട പോലീസ് സംഘമാണ് പ്രതിയെ പിടികൂടിയത് . പ്രതിയെ വൈദ്യ പരിശോധനയ്ക്കായി വടക്കാഞ്ചേരി ജില്ലാ ആശുപത്രിയിൽ എത്തിച്ചു.



● മുസ്ലീ യൂത്ത് ലീഗ് തൃശൂർ ജില്ലാ പൊതുസമ്മേളനം സംസ്ഥാന പ്രസിഡണ്ട് പാണക്കാട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യുന്നു.



● കരുവന്നൂർ ബാങ്ക് വാർഷിക പൊതുയോഗത്തിൽ ബാങ്ക് പ്രസിഡണ്ട് ആർ.എൽ ശ്രീലാൽ സംസാരിക്കുന്നു.

മാള ഗവ. ആശുപത്രിയിൽ രാത്രികാല ഡോക്ടറെ നിയമിക്കണമെന്ന് ആവശ്യം ശക്തം

മാള: മാള ഗവ. ആശുപത്രിയിൽ രാത്രികാലങ്ങളിൽ ഡോക്ടറുടെ സേവനം ഉറപ്പാക്കണമെന്ന ആവശ്യം ഉന്നയിച്ച് മാള പ്രതികരണവേദിയുടെ നേതൃത്വത്തിൽ ഒക്ടോബർ 2 ഗാന്ധിജയന്തി ദിനത്തിൽ ആശുപത്രിക്ക് മുന്നിൽ ധർണ നടത്തും. സർക്കാർ ആശുപത്രിയിൽ രാത്രികാലങ്ങളിൽ ഒരു ഡോക്ടറുടെ സേവനം ലഭ്യമാക്കേണ്ടത് മാള നിവാസികളുടെ ആവശ്യമാണ്. അടിയന്തര സാഹചര്യങ്ങളിൽ സാധാരണക്കാരുടെ ജീവനും ആരോഗ്യവും സംരക്ഷിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യമാണെന്നും പ്രതികരണവേദി ചൂണ്ടിക്കാട്ടി.

ഗാന്ധിജയന്തി ദിനത്തിൽ ഗാന്ധിമാർഗത്തിലൂടെ നടത്തുന്ന ജനകീയ സമരത്തിന്റെ ഭാഗമായി രാവിലെ 9 മണിക്ക് ഗാന്ധി സ്മരണ സംഘടിപ്പിക്കും. തുടർന്ന് രാവിലെ 10 മണിക്ക് ആശുപത്രിക്ക് മുന്നിൽ ധർണ ആരംഭിക്കും.

രാത്രികാലങ്ങളിൽ അടിയന്തര ചികിത്സ ആവശ്യമായി വരുന്ന മാളയിലെയും സമീപ പ്രദേശങ്ങളിലെയും ജനങ്ങൾക്ക് നിലവിൽ നേരിടേണ്ടിവരുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണുന്നതിനും, സർക്കാർ ആശുപത്രിയിൽ തന്നെ ആവശ്യമായ ചികിത്സാസൗകര്യം ഉറപ്പാക്കുന്നതിനുമാണ് സമരം. അവകാശങ്ങൾക്കായി ശബ്ദമുയർത്തുമ്പോഴും പ്രതിഷേധത്തിന്റെ വഴി സമാധാനത്തിന്റെയും ജനാധിപത്യത്തിന്റെയും ആയിരിക്കണമെന്ന ഗാന്ധിയൻ സന്ദേശം ഉയർത്തിപ്പിടിച്ചാണ് സമരം സംഘടിപ്പിക്കുന്നതെന്ന് പ്രതികരണവേദി പ്രസിഡന്റ് സലാം ചൊവ്വര അറിയിച്ചു. ആരോഗ്യപരിചരണം അവകാശമാണ രാത്രിയിലും ചികിത്സ ലഭ്യമാകണം.

മാള ഗവ. ആശുപത്രിയിൽ രാത്രികാല ഡോക്ടറുടെ സേവനം അടിയന്തരമായി ഉറപ്പാക്കണംഎന്ന ആവശ്യം ഉന്നയിച്ചുകൊണ്ടാണ് ധർണ. മാളയുടെ ആരോഗ്യപരമായ ആവശ്യത്തിനായി നടത്തുന്ന ഈ ജനകീയ സമരത്തിൽ മാളയിലെ മുഴുവൻ ജനങ്ങളുടെയും പിന്തുണയും പങ്കാളിത്തവും പ്രതികരണവേദി അഭ്യർത്ഥിച്ചു.



● 45മത് സബ് ജൂനിയർ സംസ്ഥാന ജൂഡോ ചാമ്പ്യൻഷിപ്പിൽ സബ് ജൂനിയർ ഗേൾസ് (40 കിലോക്ക് മുകളിൽ) വിഭാഗത്തിൽ വെള്ളിമെഡൽ നേടിയ മാള ഹോളി ഗ്രേസ് അക്കാദമി സി.ബി.എസ്.ഇ. സ്കൂളിലെ മിലൻ മാർട്ടിനും വെങ്കലമെഡൽ നേടിയ മൻഹ പി.ജെയും എമിൽ മാർട്ടിനും ജൂഡോ പരിശീലക ഗോപികക്കൊപ്പം.

NOTICE

I, RAJEENA JOY, residing at Pokkamada, Pothundy P.O., Palakkad-678508, declare that my name is incorrectly recorded as RAGEENA P J in my S.S.L.C. Certificate. As reflected in my official identity documents (Aadhaar and PAN), my correct name is RAJEENA JOY, by which I shall henceforth be known for all legal and official purposes.

RAJEENA JOY Pokkamada,
Pothundy P.O., Palakkad,
Pin: 678508

LOST

I, MOHD SUBHAN KHAN, S/o SHAIK MUSTHAFA, MUBARAK MANZIL (H), PAPPANCHALLA, GOVINDAPURAM (PO), PALAKKAD -678507, hereby invite the attention of the public that my mark list of the 5th Semester of B.Tech Mechanical Engineering examination of November 2019, with Register No. LYAOEME024, of the University of Calicut, has been irrecoverably lost during travel from Palakkad, and as such, I intend to apply for a duplicate mark list. If anybody happens to find the original, kindly send the same or intimate the undersigned or the University. Certified that the aforesaid facts are absolutely true.

Mohd Subhan Khan,
Mubarak Manzil (H),
Pappanchalla, Govindapuram (PO), Palakkad,
Pin-678507, Mob: 9495035197

CIN: L65910KL1992PLC006623,
MANAPPURAM FINANCE LTD. Registered Office : W - 4/ 638A, Manappuram House, P.O. Valapad, Thrissur - 680 567, Kerala, India

സ്വർണ്ണലേല അറിയിപ്പ്

ഞങ്ങളുടെ സ്ഥാപനത്തിന്റെ വിവിധ ശാഖകളിൽ പണയം വച്ചിട്ടുള്ള സ്വർണ്ണാഭരണങ്ങൾ അതാത് ശാഖകളിൽ വച്ച് 16/10/2026 തിയ്യതികളിൽ രാവിലെ 10.00 മണി മുതൽ പരസ്യമായി ലേലം ചെയ്യുന്നതാണെന്ന് പൊതു ജനങ്ങളേയും പണയ ഇടപാടുകാരെയും പ്രത്യേകിച്ചും ഇതിനാൽ അറിയിക്കുന്നു. സ്വർണ്ണാഭരണങ്ങൾ കമ്പനിയിൽ പണയം വയ്ക്കുകയും കാലാവധി കഴിഞ്ഞതിനെ തുടർന്നു രജിസ്റ്റേർഡ് പോസ്റ്റായി അയച്ച കത്തുകൾ വഴി അറിയിച്ചിട്ടും പണയം വച്ച സ്വർണ്ണാഭരണങ്ങൾ തിരിച്ചെടുത്ത് ഇടപാടുകൾ അവസാനിപ്പിക്കുന്നതിൽ വീഴ്ച വരുത്തുകയും ചെയ്ത വിവിധ ആളുകളുടെ പണയ ഉരുപ്പടികൾ ആണ് ഇപ്പോൾ ലേലം ചെയ്യാൻ ഉദ്ദേശിക്കുന്നത്. ലേലത്തിന് വയ്ക്കുന്ന പണയ ഉരുപ്പടികളുടെ പട്ടിക അതാത് ശാഖകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ലേലത്തിൽ പോകാതെ ബാക്കിവരുന്ന പണയ ഉരുപ്പടികൾ മറ്റൊരു അറിയിപ്പും നൽകാതെ വരും തീയ്യതികളിൽ ലേലം ചെയ്യുന്നതുമാണ്. ലേലത്തിന്റെ സ്ഥലത്തിലും തീയ്യതിയിലും എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടെങ്കിൽ മുകളിൽ നൽകിയിട്ടുള്ള ലേല തീയ്യതിയിൽ അതാത് ലേല സ്ഥലത്ത് പ്രദർശിപ്പിക്കുന്നതും കമ്പനിയുടെ വെബ്സൈറ്റിൽ ഇടുന്നതുമാണ്. ഇതുമായി ബന്ധപ്പെട്ട മറ്റൊരു അറിയിപ്പ് ഉണ്ടായിരിക്കുന്നതുമല്ല.

പണയങ്ങളുടെ പട്ടിക (ബ്രാഞ്ചിന്റെ പേര് / പണയ നമ്പർ).....

പാല ക്കാട്, ആലത്തൂർ, 0101720810782640, 2651, അമ്പലപ്പാറ, 0106320810047084, 7089, 7121, ചാലിശ്ശേരി, 0128070810018998, 0041, ചിന്നനഗർ, 0105980810053573, 0195, ചെർപ്പുളശ്ശേരി, 0102160810749377, കല്ലടിക്കോട്, 0106570810041040, കാഞ്ഞിരം, 0118360820000218, കാവശ്ശേരി, 0134850820000128, കൊല്ലങ്കോട്, 0101650810796607, കൊഴിഞ്ഞാമ്പാറ, 0104900810780933, 0947, കൂറ്റനാട്, 0104270820000046, 0049, കൊപ്പം, 0105450820000065, കോട്ടായി, 0129860810041051, 1086, 0174, കോട്ടപ്പുറം, 0132400810027490, കൊഴിഞ്ഞാമ്പാറ, 0101670820000127, മഹിളാമാഡം, 0104320810739903, മേലാമുറി, 0106670820000086, പാറ, 0104860810064121, പട്ടാമ്പി, 0130450810023621, ശ്രീകൃഷ്ണപുരം, 0104940810758729, 8750, 8764, 8776, 8801, 8810, 0223, വടക്കാഞ്ചേരി, 0130520810024525, 0157, 0158, തൃശ്ശൂർ, ആളൂർ, 0115780810028677, 0078, 0079, അന്നമനട, 0106750820000086, അഴീക്കോട്, 0102250810760782, ചാലക്കുടി നോർത്ത്, 0107460810029362, ചേലക്കര, 0130350810023743, 0079, ചെറുതുരുത്തി, 0106930810036119, ദേശമംഗലം, 0106310810030499, ഈസ്റ്റ് ഹോർട്ട് തൃശ്ശൂർ, 0110010810022541, എരവിമംഗലം, 0106250810022301, 0051, എറിയാട്, 0106820810038160, ഇരിങ്ങാലക്കുട, 0100810820000115, 0116, കൊടകര, 0100930820000103, കൊടുങ്ങല്ലൂർ, 0130470820000085, കുറ്റിക്കാട്ടുകര, 0102000810786936, 7070, കെ.എസ്. ആർ. ടി. സി. റോഡ് ചാലക്കുടി, 0130240810029741, 0094, കുട്ടനെല്ലൂർ, 0104130810744694, മാപ്രാണം, 0130280710017858, മാള, 0130330810034090, മണ്ണുത്തി, 0106890810030858, മായന്നൂർ, 0107050810039812, 0082, എം ജി റോഡ് തൃശ്ശൂർ, 0113830810030873, 0890, 0901, 0091, മുള്ളൂർക്കര, 0107440810023603, മുണ്ടൂർ, 0104380810734310, 4311, 4331, 4348, 4352, 4362, 4363, 0054, നായ്ക്കനാൽ തൃശ്ശൂർ, 0100010810269329, നോർത്ത് സ്റ്റാൻ്റ്, തൃശ്ശൂർ, 0127550810021435, ഒല്ലൂർ, 0130440810022640, പാറ മേൽപ്പടി, 0106070810037430, 7489, പട്ടിക്കാട്, 0102220810737733, 0078, പഴയന്നൂർ, 0101600810771500, 0121, പഴുവിൽ, 0106280810032866, പുന്നംപറമ്പ്, 0107400810042263, പുന്നയൂർക്കുളം, 0130290810054298, ശക്തൻ ബസ്റ്റാൻ്റ്, 0106430810034109, ടി കെ എസ് പുരം, 0105080810747404, 7432, 7435, 0011, ഇരിങ്ങാലക്കുട, 0106880820000091, താമരാക്കുളം, 0115080810040600, 0637, 0094, തിരൂർ തൃശ്ശൂർ, 0106620810042636, തൃപ്രയാർ, 0100040810749612, വരന്തരപ്പള്ളി, 0101690810749467, വെള്ളാങ്ങല്ലൂർ, 0106010810027603, 7606, 7622, വടക്കാഞ്ചേരി 5ാൺ, 0130220810019142,

മേൽപ്പറഞ്ഞ ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വ്യക്തികൾ ഇനിപ്പറയുന്നവ പാലിക്കേണ്ടതാണ്: - താല്പര്യമുള്ള ലേലക്കാർ ലേലത്തിന്റെ അതേ ദിവസം EMD എന്ന നിലയിൽ രൂ. 10,000/- (വിജയിക്കാത്ത ലേലക്കാർക്ക് മടക്കി നൽകുന്നതാണ്) NEFT/RTGS മുഖേന സമർപ്പിക്കേതാണ്. ലേലക്കാർ സാധുവായ തിരിച്ചറിയൽ കാർഡ്/പാൻ കാർഡ് കൈവശം കരുതിയിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് 9072607147 എന്ന നമ്പറിൽ ബന്ധപ്പെടുക.

അധികാരപ്പെട്ട ഉദ്യോഗസ്ഥൻ
മണപ്പുറം ഫിനാൻസ് ലിമിറ്റഡ്.

കേരള സംസ്ഥാന ഭാഗ്യക്കുറി SAMRUDHI SM-74 DRAW RESULT 27/09/2026

ഒന്നാം സമ്മാനം ₹1 കോടി MS495441 (ഇടുക്കി)
സാന്ത്വന സമ്മാനം ₹5000: MN495441 MO495441 MP495441 MR495441 MT495441 MU495441 MV495441 MW495441 MX495441 MY495441 MZ495441

രണ്ടാം സമ്മാനം ₹25 ലക്ഷം: MO139598 (പാലക്കാട്)
മൂന്നാം സമ്മാനം ₹5 ലക്ഷം: MU365049 (കണ്ണൂർ)

നാലാം സമ്മാനം ₹5000 (താഴെ കാണുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്): 0699 0716 1041 1384 1976 2310 2820 3581 4134 4924 6580 6742 6854 7397 7599 7698 8559 9116 9776

അഞ്ചാം സമ്മാനം ₹2000: 1292 2079 2920 3577 7922 8725

ആറാം സമ്മാനം ₹1000: 1048 1069 1508 1530 1672 1811 2569 2923 3275 3806 3948 4119 5056 6316 6415 6513 6976 8174 8429 8861 9478 9604 9686 9712 9859

ഏഴാം സമ്മാനം ₹500: 0269 0316 0344 0497 0535 0764 0767 0984 1430 1675 1685 1924 2038 2116 2150 2292 2469 2482 2522 2529 2599 2778 2858 3009 3107 3116 3187 3243 3286 3646 3754 4132 4590 4602 4621 5004 5401 5633 5643 5979 5985 6002 6122 6304 6410 6648 6664 6757 6759 6762 6852 7051 7106 7204 7455 7633 7794 7905 7986 7994 8180 8515 8578 8611 8658 8684 8827 9007 9073 9299 9465 9764 9814 9825 9855 9881

എട്ടാം സമ്മാനം ₹200: 0503 0592 0836 0940 1059 1199 1219 1231 1246 1280 1330 1547 1571 2000 2004 2133 2179 2313 2330 2344 2348 2455 2501 2631 2643 2701 2721 3011 3361 3791 3855 3989 4093 4311 4320 4502 4566 4693 4877 4887 4943 5189 5261 5383 5612 5641 5661 5691 5697 5972 6121 6138 6238 6727 6729 6803 6846 6875 6968 7102 7240 7395 7400 7513 7640 7728 7760 7830 7892 8115 8137 8333 8339 8376 8480 8495 8522 8548 8602 8659 8746 8814 8849 8916 9234 9264 9282 9292 9461 9477 9702 9743

ഒൻപതാം സമ്മാനം ₹100: 0021 0024 0025 0164 0229 0304 0350 0498 0513 0671 0859 0920 1037 1111 1154 1260 1441 1491 1520 1617 1633 1750 1754 1797 1842 1888 1889 1922 2021 2063 2089 2093 2131 2225 2261 2317 2387 2533 2588 2691 2694 2743 2775 2859 2861 2972 3015 3063 3111 3118 3137 3190 3387 3436 3479 3618 3643 3881 3890 3928 3941 4046 4073 4082 4196 4283 4380 4416 4447 4609 4641 4643 4710 4959 5061 5080 5370 5384 5392 5403 5469 5547 5802 5842 5911 6016 6112 6160 6296 6331 6382 6406 6514 6577 6589 6694 6892 6945 6947 6981 7015 7044 7078 7144 7152 7208 7265 7305 7383 7669 7816 7827 7832 8072 8148 8183 8295 8296 8299 8355 8422 8482 8505 8519 8542 8